**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 09.07.2015 -ൽ മറുപടിക്ക്

നമ്പർ : 2553

**കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിന് കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾക്കുള്ള ഫയൽ ( understanding3/6623/13) റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ് ; | (എ) 05.02.2013-ലാണ് റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത്. |
| (ബി) പ്രസ്തുത ഫയലിൽമേൽ സ്വീകരിച്ച തുടർ നടപടികളും ഫയലിന്റെ ഇപ്പോഴത്തെ നിലയും വെളിപ്പെടുത്തുമോ ? | (ബി) നിർദ്ദിഷ്ട ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച വ്യക്തമായ തീരുമാനമെടുത്തതിന് ശേഷം റവന്യൂ ഭൂമിയാക്കി മാറ്റുന്നതിനായി കൊല്ലം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ 20.03.2013-ൽ ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ജലവകുപ്പിന്റെ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുവാനും നിലവിലെ വ്യവസ്ഥകൾ പാലിച്ച് ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ 31.01.2014-ൽ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ 27.09.2014-ൽ ജില്ലാകളക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തു. പ്രൊപ്പോസൽ സഹിതം ഫയൽ 03.12.2014-ൽ ആഭ്യന്തര വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും 20.01.2015-ൽ തിരികെ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഭൂമി കൈമാറി നൽകുന്നതിനുള്ള അനുമതി തേടുന്നതിനായി 11.03.2015-ൽ ഫയൽ ധനകാര്യ വകുപ്പിന് നൽകി 19.05.2015-ന് അഭിപ്രായം ലഭ്യമാക്കിയ ശേഷം വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**